"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - പാലക്കാട് നെല്ലിപ്പുഴ ദാറുന്നജത്ത് ഹൈസ്കൂളിലെ യു.പിഎസ്.ടി ശ്രീമതി. ഫാനിഷ സി. ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C)10606/25-ലെ 18/03/2025-ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4183/2026/GEDN തീയതി,തിരുവനന്തപുരം, 25-06-2026

പരാമർശം:-

1. പാലക്കാട് നെല്ലിപ്പുഴ ദാറുന്നജത്ത് ഹൈസ്കൂളിലെ യു.പിഎസ്.ടി ശ്രീമതി. ഫാനിഷ സി. സർക്കാരിൽ സമർപ്പിച്ച 31/01/2025 തീയതി പുന:പരിശോധന ഹർജി (എക്സിബിറ്റ് പി7).
2. WP (C)10606/25-ലെ ബഹു.ഹൈക്കോടതിയുടെ 18/03/2025 തീയതിയിലെ വിധിന്യായം.
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02/09/2025 തീയതിയിലെ DEOMKD/530/2025 – B3 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 02/02/2026 തീയതിയിലെ DDEPKD/1707/2025-B5 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് നെല്ലിപ്പുഴ ദാറുന്നജത്ത് ഹൈസ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. ഫാനിഷ സി. ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C)10606/25-ലെ പരാമർശം (2) വിധിന്യായം പ്രകാരം "The writ petition is accordingly disposed of directing the 1st respondent to consider Ext.P7 revision petition and pass appropriate orders thereon after giving opportunity of hearing the petitioner with a period of four months, adverting to Ext.P6 also" എന്ന് ഉത്തരവായിരുന്നു.

ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, പരാമർശം (1) പുന:പരിശോധന ഹർജി മേൽ 03/09/2025 തീയതിയിൽ അനുവദിച്ച ഹിയറിംഗിൽ ഹർജിക്കാരി, മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തു.

2. എക്സിബിറ്റ് പി7 പുന:പരിശോധന ഹർജിയിലെ വിഷയം ഇപ്രകാരമായിരുന്നു :

പാലക്കാട് നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിൽ ശ്രീമതി. റിസ്വാന അബ്ദുൽ റഷീദ് യു.പിഎസ്.ടി. യുടെ സ്ഥാനക്കയറ്റ ഒഴിവിൽ Exht.P1 ഉത്തരവ് പ്രകാരം 01/08/2018 മുതൽ തനിക്കു യു.പിഎസ്.ടി. ആയി നിയമനം ലഭിച്ചുവെന്നും ടി തസ്തികയിൽ തുടർന്ന് വരുമ്പോൾ 06/06/2019-ൽ തനിക്ക് എച്ച്.എസ്.ടി (മാത്സ്) ആയി സ്ഥാനക്കയറ്റം ലഭ്യമായെന്നും യു.പി.എസ്.ടി തസ്തികയിലെ തന്റെ നിയമനം വ്യവസ്ഥാപിത തസ്തികയിലായതിനാൽ Exht. P2 ഉത്തരവ് (28/2/19-ലെ G.O(P) No 3/19/G.Ed), Exht. P3 സർക്കുലർ (8/3/19-ലെ Circular No J2/57/2019/G.Edn) എന്നിവ പ്രകാരം ശമ്പള സ്കെയിലിൽ അംഗീകരിക്കാവുന്നതാണെന്നും എന്നാൽ 06.02.2021-ലെ G.O.(P) 4/2021/G.Edn ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ടി നിയമനം 1.8.2018 മുതൽ 5.6.2019 വരെ നോഷണലായി ഡി.ഇ.ഒ അംഗീകരിക്കുകയാണുണ്ടായതെന്നും Ext P7 റിവിഷൻ ഹർജിയിൽ പരാതി ഉന്നയിച്ചിരിക്കുന്നു. സമാന വിഷയത്തിൽ Ext P6 ഉത്തരവ് (G.O(Rt) No 2489/23/G.Ed dated 18/4/23) പ്രകാരം അപേക്ഷകർക്ക് നിയമന തീയതി മുതൽ ശമ്പള സ്കെയിലിൽ അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും ടി ആനുകൂല്യം തനിക്കും ലഭ്യമാകേണ്ടതാണെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നു.

3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ സമാനമായ റിപ്പോർട്ട് ചുവടെപ്പറയും വിധമാണ് :

നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയ എച്ച്.എസ്.ടി ഗണിതം അധിക തസ്തികയിലേക്ക് ടി സ്കൂളിലെ യു.പി.എസ്.ടി അദ്ധ്യാപിക ശ്രീമതി. റിസ്വാന അബ്ദുൾ റഷീദിനെ 1.8.2018 മുതൽ എച്ച്.എസ്.ടി ഗണിതം അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതു മൂലം ലഭ്യമായ യു.പി.എസ്.ടി ഒഴിവിൽ ശ്രീമതി. ഫാനിഷ സി. യെ 01/08/2018 മുതൽ യു.പി.എസ്.ടി ആയി മാനേജർ നിയമിച്ചിരുന്നു. ടി വിദ്യാലയം പുതിയതായി ആരംഭിച്ച (22.5.1979-നുശേഷം) വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെടുന്നതാണ്. ആയതിനാൽ പ്രസ്തുത വിദ്യാലയത്തിൽ റൂൾ 43 അവകാശിക്ക് സ്ഥാനക്കയറ്റം നൽകിയതു മൂലം വന്ന റിസൾട്ടന്റ് വേക്കൻസിയിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചു കൊണ്ട് നികത്തണം എന്ന് 08/03/2019 ലെ ജെ2/57/2019/പൊവിവ സർക്കുലറിൽ നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ 29/01/2016 മുതലുള്ള അധിക തസ്തികയിൽ നടത്തുന്ന നിയമനങ്ങൾ മാനേജർ 1:1 അനുപാതം പാലിച്ചിരിക്കണമെന്ന് 19/01/2016-ലെ സർക്കാർ ഉത്തരവ് (പി) നം.29/2016/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകളിലെ നിർദ്ദേശം പാലിക്കാതെയാണ് മാനേജർ ശ്രീമതി. ഫാനിഷ സി. ക്ക് നിയമനം നല്കിയിട്ടുള്ളത്. ശ്രീമതി. ഫാനിഷ സി.യുടെ നിയമനം അംഗീകരിച്ചു ലഭിക്കുന്നതിനായി സ.ഉ. (അച്ചടി) 04/2021/പൊ.വി.വ തീയതി 06/02/2021 പ്രകാരം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചു കൊള്ളാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള സത്യപ്രസ്താവന 28/04/2021-ന് മാനേജർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഫാനിഷ സി.യുടെ യു.പി.എസ്.ടി നിയമനം 25,200-54,000 ശമ്പള സ്കെയിലിൽ 01/08/2018 മുതൽ 05/06/2019 വരെ നോഷണലായി (പ്രൊബേഷണറിയായി) അംഗീകരിച്ചു നൽകിയിട്ടുണ്ട്.

01/08/2018 മുതൽ 05/06/2019 വരെ നോഷണലായി അംഗീകരിച്ച കാലയളവിലെ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചു കൊണ്ട് നിയമനം അംഗീകരിച്ചു ലഭിക്കണമെന്നാണ് ഹർജിക്കാരിയുടെ ആവശ്യം. ഹർജിക്കാരിയെ നിയമിക്കുന്ന 01/08/2018-നു ടി സ്കൂളിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചു കൊള്ളാമെന്ന ബോണ്ട് 29/03/2019-നാണ് മാനേജർ

സമർപ്പിച്ചിട്ടുള്ളത്. 2016 മുതൽ 2019 വരെയുള്ള അധിക തസ്തികകളിലെ നിയമനം അംഗീകരിച്ചു നൽകുന്നതിന് മാത്രമാണ് കെ.ഇ.ആർ വ്യവസ്ഥകൾക്ക് താൽക്കാലിക ഇളവ് നൽകി സ.ഉ.(പി) നം. 04/2021 തീയതി 06/02/2021 പുറപ്പെടുവിച്ചിരിക്കുന്നത്. ഇവിടെ 2018-19 വർഷത്തെ അധിക തസ്തികയിലേക്കു റൂൾ (43) അവകാശിയായ അദ്ധ്യാപിക ശ്രീമതി. റിസ്വാന അബ്ദുൾ റഷീദിന് സ്ഥാനക്കയറ്റം നൽകി നിയമിച്ചതു മൂലം സംജാതമായ യു.പി.എസ്.ടി ഒഴിവ് സർക്കുലർ നം.ജെ2/57/2019/പൊ.വി.വ പ്രകാരം റിസൽറ്റന്റ് തസ്തികയായി കണക്കാക്കി സംരക്ഷിതാദ്ധ്യാപകരെ കൊണ്ടാണ് നികത്തേണ്ടത്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശം പാലിക്കാതെയാണ് മാനേജർ ശ്രീമതി. ഫാനിഷ സി.ക്ക് നിയമനം നൽകിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. അധിക തസ്തികയിലെ നിയമനങ്ങൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ 2016-17 മുതൽ 2019-2020 വരെ നടത്തിയ നിയമനങ്ങൾ അംഗീകരിച്ചു നൽകുന്നതിനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (അച്ചടി) 04/2021/പൊ.വി.വ തീയതി 06/02/2021 പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനം 01/08/2018 മുതൽ 05/06/2019 വരെ നോഷണലായി അംഗീകരിച്ചു നൽകുന്നതിനെ നിർദ്ദേശമുള്ളൂ. ആയതിനാൽ ഹർജിക്കാരിയുടെ ആവശ്യം പരിഗണിക്കാൻ നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഹർജി പരിഗണിക്കുന്നതിന് നിർവ്വാഹമില്ല. കൂടാതെ 06/06/2019-ൽ ഹർജിക്കാരിക്ക് എച്ച്.എസ്.ടി ഗണിതം തസ്തികയിൽ സ്ഥാനക്കയറ്റം നൽകുകയും ടി നിയമനം സാമ്പത്തിക ആനുകൂല്യത്തോടെ ഇതിനോടകം അംഗീകരിച്ചു നൽകിയിട്ടുമുണ്ട്.

4. റിട്ട് ഹർജി (സിവിൽ) നം. 10606/25-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം (1) ഹർജിയിലെ ആവശ്യം ഹർജിക്കാരിയുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും റിപ്പോർട്ടുകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, നിലവിലെ സർക്കാർ ഉത്തരവുകൾ, കെ.ഇ.ആർ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. 08/03/2019-ലെ സർക്കുലർ J2/57/19/G.Edn ഖണ്ഡിക II(2) പ്രകാരം 22/5/79-നു ശേഷം ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളിൽ ഉണ്ടായ ഒഴിവ് റൂൾ (43) അവകാശിയുടെ പ്രൊമോഷൻ വഴി നികത്തുമ്പോൾ റൂൾ 7(3)(a) പ്രകാരം ഒരു സംരക്ഷിതാധ്യാപകനെ ടി സ്കൂളിൽ നിയമിക്കുവാൻ കഴിയുന്നില്ലെങ്കിൽ അതെ മാനേജ്മെന്റിൽ ഉണ്ടാകുന്ന റിസൾട്ടന്റ് ഒഴിവിൽ (22/5/79- നു മുമ്പോ ശേഷമോ ആരംഭിച്ച സ്കൂളായാലും) സംരക്ഷിതാധ്യാപകനെ നിയമിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 6/2/2021 -ലെ G.O(P) No 4/21/G.Ed ഖണ്ഡിക 4(2) പ്രകാരം മാനേജർ അധ്യാപക ബാങ്കിൽ നിന്നും നിയമാനുസൃതം നിയമിക്കേണ്ട ഒഴിവിലേക്ക് സംരക്ഷിതാധ്യാപകനെ നിയമിച്ചു ഉത്തരവാകുകയോ ഭാവിയിലുണ്ടാകുന്ന ഒഴിവിലേക്ക് നിയമിക്കാമെന്ന് സത്യപ്രസ്താവന നൽകുകയോ ചെയ്യുന്ന തീയതി മുതൽ നിലവിലുള്ള വ്യവസ്ഥകളിൽ താത്കാലിക ഇളവ് നൽകി നിയമിക്കപ്പെട്ട ജീവനക്കാർക്ക് നിയമനംഗീകാരം നൽകാവുന്നതാണ്. ഇവ നടപ്പാക്കുന്നതുമൂലം ഉണ്ടാകുന്ന കുടിശ്ശിക സാമ്പത്തിക ആനുകൂല്യങ്ങൾ നോഷണൽ ആയിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(3)(a) ഇപ്രകാരമാണ്.

" അദ്ധ്യായം XIV A യുടെ ചട്ടം 43, 51A, 51B എന്നിവയ്ക്ക വിധേയമായി, 1979 മേയ് 22-നും 2016 ജനുവരി 28 നുമിടയ്ക്ക് ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളുകളിൽ അപ്ഗ്രേഡ് ചെയ്യുന്നതിനുമുൻപുള്ള വിഭാഗത്തിലൊഴികെ ഉപചട്ടം (1), (2), (4) എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിലേക്കായി നീക്കിവച്ചിട്ടുള്ള അധിക

തസ്തികകളോ ഒഴിവുകളോ കൂടാതെ നിലവിലുള്ളതോ പിന്നീടുണ്ടാകുന്നതോ ആയ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ റഗുലർ ഒഴിവുകളിൽ ഒരെണ്ണത്തിലും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ അധ്യാപകബാങ്കിലെ സംരക്ഷിത അദ്ധ്യാപകരിൽ നിന്നും മാനേജർ നിയമനം നടത്തേണ്ടതാണ്. "

നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂൾ പുതുതായി ആരംഭിച്ച വിഭാഗത്തിൽപ്പെട്ട സ്കൂൾ ആണ്. ആയതിനാൽ കെ.ഇ.ആർ. അദ്ധ്യായം 21 ചട്ടം 7 (3)(a) പ്രകാരം ടി സ്കൂളിൽ ഒരു റഗുലർ തസ്തിക സംരക്ഷിത അദ്ധ്യാപകർക്കായി മാറ്റി വെക്കേണ്ടതുണ്ട്. പ്രസ്തുത ചട്ടം പാലിക്കാതെയാണ് മാനേജർ ശ്രീമതി ഫാനിഷ സി. യെ 01/08/2018 മുതൽ നിയമിച്ചിരിക്കുന്നത്.

കൂടാതെ, 22/05/1979 നുശേഷം ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളിൽ ഉണ്ടായ ഒഴിവ് ചട്ടം 43 അവകാശിയുടെ പ്രമോഷൻ വഴി നികത്തുമ്പോൾ, ചട്ടം 7(3)(a) പ്രകാരം ഒരു സംരക്ഷിത അധ്യാപകനെ ടി സ്കൂളിൽ നിയമിക്കാൻ കഴിയുന്നില്ലെങ്കിൽ, പ്രമോഷൻ വഴി ഉണ്ടാവുന്ന റിസൾട്ടന്റ് വേക്കൻസിയിൽ (22/05/79 ന് മുമ്പോ ശേഷമോ ആരംഭിച്ച സ്കൂളായാലും) സംരക്ഷിത അധ്യാപകനെ നിയമിക്കണമെന്ന് 08/03/2019 തീയതിയിലെ ജെ2/57/2019/പൊ.വി.വ. സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

ഈ കേസിൽ നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു നൽകിയ എച്ച്.എസ്.ടി. (ഗണിതം) അധിക തസ്തികയിലേക്ക് ടി സ്കൂളിലെ യു.പി.എസ്.ടി. അധ്യാപിക ശ്രീമതി. റിസ്വാന അബ്ദുൾ റഷീദിനെ 01/08/2018 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചതു മൂലം ലഭ്യമായ യു.പി.എസ്.ടി. ഒഴിവിലാണ് ശ്രീമതി. ഫാനിഷ സി. യെ 01/08/2018 മുതൽ മാനേജർ നിയമിച്ചിരിക്കുന്നത്. ശ്രീമതി. റിസ്വാന അബ്ദുൾ റഷീദിന്റെ സ്ഥാനക്കയറ്റം മൂലമുണ്ടാകുന്ന റിസൾറ്റന്റ് ഒഴിവ് സംരക്ഷിതാധ്യാപക നിയമനത്തിനായി സർക്കാരിലേക്ക് വിട്ടു നൽകേണ്ട തസ്തികയായിരുന്നു. അതിനാൽ ടി ഒഴിവിലെ ശ്രീമതി ഫാനിഷ സി. യുടെ നിയമനം ചട്ടം പാലിക്കാതെയുള്ള നിയമനമാണ്.

സംരക്ഷിതാധ്യാപകരെ നിയമിക്കണമെന്ന ചട്ടം പാലിക്കാതെ മാനേജർമാർ നടത്തിയ, 2016-17 മുതൽ 2019-2020 വരേയുള്ള നിയമനങ്ങൾ, നോഷണലായി നിയമനാംഗീകാരം നൽകി സാധൂകരിച്ച് നൽകുന്നതിന്റെ ഭാഗമായാണ്, 06/02/2021 തീയതിയിലെ സ.ഉ.(സാധാ) നം.4/2021/പൊ.വി.വ. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ ശ്രീമതി. ഫാനിഷ സി. യുടെ 01/08/2018 മുതൽ 05/06/2019 വരേയുള്ള ചട്ട വിരുദ്ധമായ നിയമനം നോഷണലായി അംഗീകരിച്ച് നൽകിയിട്ടുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ നടപടി ക്രമപ്രകാരമാണ്. കൂടാതെ, എക്സിബിറ്റ് P6 ഒരു വ്യക്തിഗത കേസാണ്. അത്തരം കേസുകളുടെ പരിശോധനാ ഘട്ടത്തിൽ സമർപ്പിക്കപ്പെടുന്ന രേഖകളുടെ പിൻബലത്തിൽ, അവയുടെ മെറിറ്റ് അടിസ്ഥാനത്തിൽ പരിശോധിച്ച്, കെ.ഇ.ആർ. അധ്യായം 1 ചട്ടം 3 പ്രകാരം സർക്കാറിൽ നിക്ഷിപ്തമായിട്ടുള്ള സവിശേഷ അധികാരമുപയോഗിച്ച്, പുറപ്പെടുവിക്കുന്ന വ്യക്തിഗത ഉത്തരവുകൾ പൊതു നിർദ്ദേശമായി കണക്കാക്കാനാവില്ല.

5. മേൽ സാഹചര്യത്തിൽ, പാലക്കാട് നെല്ലിപ്പുഴ ദാറുന്നജത്ത് ഹൈസ്കൂളിലെ യു.പി.എസ്.ടി ശ്രീമതി. ഫാനിഷ സി. യുടെ 01/08/2018 മുതൽ 05/06/2019 വരെയുള്ള ചട്ട വിരുദ്ധമായ നിയമനം നോഷണലായി അംഗീകരിച്ച് നൽകിയിട്ടുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ നടപടി

ക്രമപ്രകാരമായതിനാൽ, ടിയാൾ സർക്കാർ മുൻപാകെ സമർപ്പിച്ച പരാമർശം (1) പുന:പരിശോധന ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് അപ്രകാരം റിട്ട് ഹർജി (സിവിൽ) നം 10606/25-ലെ ബഹു. ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് - 678 582.
മാനേജർ, ദാറുന്നജത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, പാലക്കാട് - 678 582.
ഹെഡ്മാസ്റ്റർ, ദാറുന്നജത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, പാലക്കാട് - 678 582.
ശ്രീമതി. ഫാനിഷ സി., യു.പി.എസ്.എ., ദാറുന്നജത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, പാലക്കാട് - 678 582.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA1/565/2025-G.EDN, തീയതി 12/05/2026).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (GEDN-B3/147/2025-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Ragasmitha V M
Date: 25-06-2026 10:54:28

സെക്ഷൻ ഓഫീസർ